## ST MARY'S HSS VIZHINJAM

# ACADEMIC MASTER PLAN


## 2025 - 2026

BRC : BALARAMAPURAM

# INDEX


1. INFRA STRUCTURE
2. DAY CELEBRATION
3. YEAR PLAN 2025 - 2026
4. ACADEMIC MASTER PLAN MALAYALAM
5. ACADEMIC MASTER PLAN ENGLISH
6. ACADEMIC MASTER PLAN HINDI
7. ACADEMIC MASTER PLAN PHYSICAL SCIENCE
8. ACADEMIC MASTER PLAN BIOLOGY
9. ACADEMIC MASTER PLAN SOCIAL SCIENCE
10. ACADEMIC MASTER PLAN MATHEMATICS
11. ACADEMIC MASTER PLAN IEDC
12. ACADEMIC MASTER PLAN WORK INTEGRATED EDUCATION
13. ACADEMIC MASTER PLAN PHYSICAL EDUCATION.


SHENBAGAM


INDIAN OIL
MBR
BALARAMAPURAM - VIZHINJAM ROAD
THENNOORKONAM
KOTTAPPURAM
BALARAMAPURAM - VIZHINJAM ROAD

# YEAR PLAN

# 2025-2026

| Month | Date | Activities | Responsible person | Expense | Source of income |
| --- | --- | --- | --- | --- | --- |
| June | 02/06/2025 | പ്രവേശനോത്സവം<br>നവാഗതരായ കുട്ടികളെ സ്വീകരിക്കുന്നു. മധുരം നൽകുന്നു അക്ഷര കിരീടവും, പുസ്തകവും സമ്മാനമായി നൽകുന്നു. | 5th class Teachers & PTA | 10000/- | PTA |
| | 05/06/2025 | ലോക പരിസ്ഥിതി ദിനം<br>ക്ലബുകളുടെ ഉദ്ഘാടനം മരം നടീൽ, വിവിധ മത്സരങ്ങൾ (പ്രസംഗം, പോസ്റ്റർ, ക്വിസ് etc) | Science Teachers & Club Teachers | 2000/- | PTA |
| | 06/06/2025 | First Friday Mass<br>KCSL Inauguration | Teachers, KCSL | – | – |

| Month | Date | Activities | Responsible Person | Expense | Source of income |
|---|---|---|---|---|---|
| | 09/06/2025 | Pre-test നടത്തി 5-8 ക്ലാസുകളിൽ എഴുതാനും വായിക്കാനും ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുന്നു. | Teachers | | |
| | 19/06/2025 | വായനാദിനം, വായനാവാരാചരണം (1 week) പുസ്തക വണ്ടി, പുസ്തക പ്രദർശനം | Literary Club Teachers | 5000/- | PTA |
| | 26/06/2025 | ലഹരി വിരുദ്ധ ദിനം — ബോധവത്കരണ ക്ലാസ്, ലഹരി വിരുദ്ധ റാലി, ഫ്ലാഷ് മോബ്, സ്പെഷ്യൽ അസംബ്ലി, ലഘു ലേഖകൾ വിതരണം. | SPC, Various Units | 5000/- | PTA, Corresponding Units. |

| Month | Date | Activities | Responsible Person | Expense | Source of income |
| --- | --- | --- | --- | --- | --- |
| July | 01/07/25 | 5–8 ക്ലാസ് വരെയും, S.S.LC വിദ്യാർത്ഥികൾക്കുവേണ്ടിയും നവാഗതർ ക്ലാസ് | Teachers. | | |
| | 04/07/25 | • ബഷീർ ചരമദിനം ആചരണം (5th July)<br>• First Friday Mass | മലയാളം ക്ലബ്<br>KCSL | | |
| | 09/07/25 | വിജയോത്സവം<br>SSLC, Plustwo, USS, NMMS എന്നിവയിൽ ഉന്നതവിജയം നേടിയവരെ ആദരിക്കൽ | Xth Former Class Teachers | 1.5 Lakhs | PTA, Sponsors, Well wishers of Teachers |
| | 14/07/25 | First Mid-term (5–10) | Teachers | 35000 | PTA |

| Month | Date | Activities | Responsible Person | Expense | Source of income |
| --- | --- | --- | --- | --- | --- |
| | 21/07/25 | ചാന്ദ്രദിനം / ചാന്ദ്രദിനം | Science Club | – | – |
| | 25/07/25 | CPTA – കുട്ടികളുടെ പഠന- നിലവാരം രക്ഷാകർത്താക്കളെ അറിയിക്കുന്നു. | Teachers | – | – |
| | 29/07/25 | ഇൻവെസ്റ്റിച്ചർ സെറിമണി. നാളെയുടെ മികവുറ്റ നേതാക്കളെ വാർത്തെടുക്കൽ. | Teachers, PTA, | One Lakh | PTA, well wishers |
| August | 01/08/25 | First Friday Mass | KCSL | – | – |

SHENBAGAM

| Month | Date | Activities | Responsible Person | Expense | Source of income |
| --- | --- | --- | --- | --- | --- |
| | 06/08/25 | • House Meet : വിവിധ ഹൗസുകളുടെ ക്യാപ്റ്റൻസിനെ തെരഞ്ഞെടുക്കുന്നു. | Teachers | — | — |
| | | • Hiroshima Day - പ്രത്യേക അസംബ്ലി നടത്തി ഹിരോഷിമ ദിനത്തെക്കുറിച്ച് അവബോധം നൽകുന്നു | S.S Club | — | — |
| | 04/08/25 | Arts Day — സ്കൂൾ തല കലോത്സവം നടത്തുന്നു | Teachers PTA | 1.5 Lakhs | PTA |
| | 07-08/08/25 | Sports Day — സ്കൂൾതല കായികമത്സരങ്ങൾ നടത്തുന്നു. | Teachers, PTA | 1.5 Lakhs | PTA |
| | 15/08/25 | സ്വാതന്ത്ര്യ ദിനാഘോഷം — പ്രത്യേക അസംബ്ലി, പതാക ഉയർത്തൽ, വിവിധ സംഘടനകളുടെ പ്രതിനിധികൾ, ഫ്ലാഷ് മോബ്. | Different Units | 20000/- | PTA |

SHENBAGAM

| Month | Date | Activities | Responsible Person | Expense | Source of income |
|---|---|---|---|---|---|
| | 16/09/25 | · Ozone Day | SS club | – | – |
| | | · General PTA യോഗം | Teachers, PTA | 5000/- | PTA |
| | 19/09/25 | Exhibition & Food Fest<br>വിദ്യാർത്ഥികളും, അധ്യാപകരും കൊണ്ടുവരുന്ന വിഭവങ്ങൾ വിൽപന നടത്തി കിട്ടുന്ന തുക സ്കൂളിന്റെ പ്രവർത്തനങ്ങൾക്കോ, സഹായം ആവശ്യമുള്ള കുട്ടികൾക്കോ നൽകുന്നു. | Teachers, Students PTA | 5000/- | |

| Month | Date | Activities | Responsible Person | Expense | Source of income |
| --- | --- | --- | --- | --- | --- |
| October | 02/10/25 – 6/10/25 | ഗാന്ധി ജയന്തി: ... ദിനാചരണത്തിന്റെയും സേവനവാരത്തിന്റെയും ഭാഗമായി സ്കൂളും, പരിസരവും ശുചിയാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | ഗാന്ധി ദർശൻ ക്ലബ് & SS ക്ലബ് | 2000/- | PTA |
| | 03/10/25 | First Friday Mass | KCSL | – | – |
| | 06/10/25 | Medical Camp – കുട്ടികളിലെ അനീമിയ, രക്തഗ്രൂപ്പ് നിർണ്ണയം തുടങ്ങിയവയുമായി ബന്ധപ്പെട്ടവ. | NIMS (Lali Teacher) | – | – |
| | 10/10/25 | സുരീലി ഹിന്ദി – ഭാഷാനൈപുണി വളർത്തുന്നതിനാവശ്യമായ പഠനപ്രവർത്തനങ്ങൾ. | ഹിന്ദി ക്ലബ് | – | – |
| | 13/10/25 | English Fest: English Drama, Monologue, Interview | English Club | – | – |

| Month | Date | Activities | Responsible Person | Expense | Source of income |
| --- | --- | --- | --- | --- | --- |
| | 21/10/25 | Second Midterm Exam | Teachers | 35000/- | PTA |
| | 31/10/25 | CPTA – മിഡ്ടേം പരീക്ഷയുടെ മാർക്ക് മാതാപിതാക്കളെ അറിയിക്കുന്നു. | Teachers | – | – |
| November | 01/11/25 | <u>കേരള പിറവി</u> : കേരള നടനം, അക്ഷരശ്ലോകം | മലയാളം ക്ലബ് | 2000/- | PTA |
| | 03/11/25 | 10-ാം ക്ലാസ് കുട്ടികളുടെ വിനോദയാത്ര. | Teachers, Students | – | – |
| | 14/11/25 | ശിശുദിനം – UP ക്ലാസ്സ് - കളിലെ കുട്ടികളെ ഉൾപ്പെടുത്തി പ്രത്യേക പരിപാടികൾ | Teachers, Students | 40000/- | PTA |

| Month | Date | Activities | Responsible Person | Expense | Source of income |
| --- | --- | --- | --- | --- | --- |
| | 02/11/25 | UP വിദ്യാർത്ഥികളുടെ വിനോദയാത്ര | Teachers Students. | — | — |
| | 28/11/25 | HS വിദ്യാർത്ഥികളുടെ വിനോദയാത്ര | Teachers, Students. | — | — |
| | 30/11/25 | SSLC വിദ്യാർത്ഥികളുടെ പാഠഭാഗങ്ങൾ പഠിപ്പിച്ചു പൂർത്തിയാക്കി റിവിഷൻ തുടങ്ങുന്നു. | Teachers | — | — |
| December | 01/12/25 | Aids Day പ്രചാരണം. — ബോധവത്കരണ ക്ലാസ്, റെഡ്റിബ്ബൺ ധരിപ്പിക്കൽ റാലി - പ്രചാരണം (പോസ്റ്റർ) സന്ദേശങ്ങൾ [illegible] | Red Cross | 5000/- | Red Cross |

| Month | Date | Activities | Responsible person | Expense | Source of income |
| --- | --- | --- | --- | --- | --- |
| | 05/12/25 | First Friday Mass | KCSL | — | — |
| | 10/12/25 | മനുഷ്യാവകാശ ദിനം | SS Club | — | — |
| | 12/12/25 | ക്രിസ്തുമസ് ആഘോഷം — പുൽക്കൂട് ഒരുക്കൽ, കേക്ക് നൽകൽ, കരോൾ ഗാനാലാപന മത്സരം. | Teachers, PTA | 1.5 Lakhs | PTA |
| | 15/12/25 | ക്രിസ്തുമസ് പരീക്ഷ | Teachers | 25000 | PTA |
| January | 07/01/25 | CPTA — ക്രിസ്തുമസ് പരീക്ഷയുടെ മാർക്ക് രക്ഷിതാക്കളെ അറിയിക്കുന്നു | Teachers | — | — |

| Month | Date | Activities | Responsible Person | Expense | Source of income |
|---|---|---|---|---|---|
| | 07/01/25 – 23/01/26 (18 days) | SSLC Test Series | Teachers, PTA | 50000/- | PTA |
| | 23/01/26 – 26/01/26 | IT model Exam | Teachers | – | – |
| | 30/01/26 | School Annual Day Celebration. | PTA | 2 Lakhs | PTA, well wishers, sponsors |
| February | | SSLC IT Public Exam | Teachers, Students | – | – |
| | 20/02/26 | SPC PASSING OUT | SPC students & Parents | 50000/- | SPC |

Date :

| Month | Date | Activities | Responsible Person | Expense | Source of income |
| --- | --- | --- | --- | --- | --- |
| March | 03/03/26 | . SSLC Public Exam<br>. UP/HS Annual Exam | Teachers | – | – |
| | 11/03/26 | പഠനോത്സവം | Teachers, Students, PTA | 30000/- | PTA. |

# ST MARY'S HIGHER SECONDARY SCHOOL, VIZHINJAM

## INFRA STRUCTURE

വിഴിഞ്ഞത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ സുപ്രധാന പങ്കുവഹിക്കുന്ന സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ 5 മുതൽ 10 വരെ ക്ലാസുകളിലായി കുട്ടികൾ അധ്യയനം നടത്തുന്നു. ഇതിൽ ഭൂരിഭാഗം പേരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ളവരാണ്. ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളിൽ ക്ലാസുകൾ കൈകാര്യം ചെയ്യപ്പെടുന്ന ഈ സ്കൂളിൽ യു. പി, ഹെച്ച്. എസ് വിഭാഗങ്ങളിലായി ക്ലാസ് റൂമുകൾ ഉണ്ട്. ഇവയിൽ ഹെച്ച്. എസ് വിഭാഗത്തിലെ 13 ക്ലാസ് റൂമുകൾ സ്മാർട്ട് റൂമുകളാണ്. ക്ലാസ് റൂമുകളിലെല്ലാം തന്നെ ആവശ്യാനുസരണം ഡെസ്ക്ക്, ബെഞ്ച്, ബ്ലാക്ക് ബോർഡ്, ബുക്ക് ഷെൽഫ് എന്നിവയുണ്ട്. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി ഓരോ ക്ലാസ് റൂമിലും ക്ലാസ് ടീച്ചറിന്റെ നേതൃത്വത്തിൽ വായനാമൂലകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ ഏകദേശം 3000 പുസ്തകങ്ങളോടുകൂടിയ സുസജ്ജമായ ലൈബ്രറി പ്രവർത്തിച്ചു വരുന്നു.

കുട്ടികളിലെ ശാസ്ത്രാവബോധവും ശാസ്ത്ര അഭിരുചിയും വളർത്തുന്നതിനായി എല്ലാവിധ സൗകര്യങ്ങളോടു കൂടിയ സയൻസ് ലാബും ലാപ്ടോപ്, ടെലിവിഷൻ എന്നിവയോടു കൂടിയ ഐ.ടി ലാബും പ്രവർത്തിക്കുന്നു. സ്കൂൾ സംബന്ധമായ പരിപാടികൾ നടത്തുന്നതിനായി വിശാലമായ ആഡിറ്റോറിയവും സ്കൂളിൽ പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകളായ SPC, NCC, JRC, Band എന്നിവക്കായി പ്രത്യേകം മുറികളും സജ്ജീകരിച്ചിട്ടുണ്ട്.

SHENBAGAM

വിശാലമായ ഊട്ടുപുര, സ്റ്റോർ റൂം, text book Society എന്നിവ ഉൾപ്പെടുന്ന കെട്ടിടത്തിലെ അടുക്കളയിൽ കുട്ടികൾക്കായി പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും ഒരുക്കുന്നു. കോർപ്പറേഷനുമായി ചേർന്ന് ജൈവ-അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൈവ പച്ചക്കറി കൃഷിയുമുണ്ട്. ശുദ്ധമായ കുടിവെള്ളം കുട്ടികൾക്ക് എത്തിക്കുന്നതിനായി കുടിവെള്ള ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. സ്കൂൾ കവാടത്തിനിരുവശവുമായി മനോഹരമായ പൂന്തോട്ടമുണ്ട്.

തദ്ദേശീയരായ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന ഈ വിദ്യാലയത്തിൽ സമീപപ്രദേശങ്ങളിലെ കുട്ടികൾക്കായി GPS സൗകര്യത്തോടുകൂടിയ സ്കൂൾ ബസ് സർവീസ് നടത്തി വരുന്നു. കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും കായിക വാസന വളർത്തുന്നതിനുമായി ബാസ്കറ്റ് ബോൾ കോർട്ട്, ഫുട്ബോൾ, റഗ്ബി, ക്രിക്കറ്റ് പിച്ച് എന്നിവയോടുകൂടിയ വിശാലമായ കളിസ്ഥലം ഒരുക്കിയിട്ടുണ്ട്. പാഠപുസ്തകങ്ങൾ സൂക്ഷിക്കുന്നതിനായി സ്റ്റോർ റൂമും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി 28 ശുചിമുറികളും new building toilet-ൽ പെൺകുട്ടികൾക്കായി പാഡ് വെൻഡിങ് മെഷീനും സ്ഥാപിച്ചിട്ടുണ്ട്.

സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിനും മേൽനോട്ടത്തിനുമായി സ്കൂളിന്റെ മധ്യഭാഗത്തായി H.M's റൂം ക്രമീകരിച്ചിട്ടുണ്ട്. 39 അധ്യാപകർക്ക് ഇരിക്കാനായി ശുചിമുറിയോടുകൂടിയ വിശാലമായ സ്റ്റാഫ് റൂം ഉണ്ട്. ഓഫീസ് പ്രവർത്ത

SHENBAGAM

നങ്ങൾക്കായി പ്രത്യേകം റൂം ക്രമീകരിച്ചിരിക്കുന്നു. മനോഹരമായ പൂന്തോട്ടത്തോടു കൂടി ഇന്റർലോക്കിട്ട മുറ്റവും സ്കൂളിലെ പ്രവേശന കവാടത്തോടു ചേർന്ന് സുരക്ഷാ ജീവനക്കാരനായി സെക്യൂരിറ്റി റൂമും ഉണ്ട്. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഒരു പുതിയ കെട്ടിടം കൂടി പ്രവർത്തന സജ്ജമായിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ ഉദ്ഘാടന കർമ്മം 2025 ജനുവരിയിൽ കഴിഞ്ഞു.

# DAY CELEBRATION

DAY CELEBRATION

പഠനം മാത്രമല്ല, പാഠ്യേതര പ്രവർത്തനങ്ങളിലൂടെ ബുദ്ധി ചിന്ത, പ്രവർത്തനമണ്ഡലം എന്നിവയിൽ ഊന്നൽ നൽകലാണ് Day celebration ന്റെ ഉദ്ദേശ്യം. കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കൽ, സർഗ്ഗാത്മക വാസന പ്രകടിപ്പിക്കൽ, സാമൂഹികാവബോധം, ദേശസ്നേഹം, പാരിസ്ഥിതികാവബോധം, സഹജീവി സ്നേഹം, ലഹരിക്ക് എതിരെ പ്രവർത്തിക്കൽ, ബോധവത്ക്കരണം, സെമിനാർ പ്രഭാഷണം, പോസ്റ്റർ, ഫ്ലക്കാർഡ് എന്നിവ തയ്യാറാക്കൽ, കുട്ടികളെ ഉത്തമ പൗരന്മാരായി വാർത്തെടുക്കൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

SHENBAGAM

| JUNE 2025 | JULY 2025 | AUGUST 2025 | SEPTEMBER 2025 |
|---|---|---|---|
| 5 പരിസ്ഥിതി ദിനം<br>19 വായന ദിനം<br>26 ലോക ലഹരി വിരുദ്ധ ദിനം | 5 ബഷീർ അനുസ്മരണ ദിനം | 6 ഹിരോഷിമ, നാഗസാക്കി ദിനം | 5 അധ്യാപക ദിനം<br>ഓണം |

| OCTOBER 2025 | NOVEMBER 2025 | DECEMBER 2025 | JANUARY 2026 |
|---|---|---|---|
| 2 ഗാന്ധി ജയന്തി<br>15 ലോക വിദ്യാർത്ഥി ദിനം | 14 ശിശു ദിനം | 1 എയ്ഡ്സ് ബോധവത്കരണ ദിനം<br>3 ലോക ഭിന്നശേഷി ദിനം<br>ക്രിസ്തുമസ് | 26 റിപബ്ലിക് ദിനം |

SHENBAGAM

| FEBRUARY 2026 | MARCH 2026 |
| --- | --- |
| 22<br>ലോക സ്കൗട്ട് ദിനം | 8<br>വനിത ദിനം<br>22<br>ലോക ജല ദിനം |

# ACADEMIC MASTER PLAN

## MALAYALAM

2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

## മലയാളം

ഉദ്ദേശ്യങ്ങൾ

- മലയാള ഭാഷ നല്ല രീതിയിൽ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് നേടൽ.
- നാടകാഭിനയം
- പുസ്തകാസ്വാദനം.
- സർഗ്ഗശേഷി വളർത്തൽ
- ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തൽ
- മലയാള ഭാഷ പഠനം രസകരമാക്കൽ
  ക്ലാസ് ലൈബ്രറി
- എഴുത്തുകൂട്ടം.
- പിറന്നാളിന് ലൈബ്രറിയിൽ ഒരു പുസ്തകം നൽകുന്നത് (CWSN)

## പ്രവർത്തനങ്ങൾ

- അക്ഷരങ്ങളെ പരിചയപ്പെടുത്തൽ
- ശബ്ദതാരാവലി പരിചയപ്പെടുത്തൽ
- ഓരോ ക്ലാസ്സിലും ലൈബ്രറി സ്ഥാപിക്കൽ.
- മലയാളം ക്ലബ്ബ് – വാർത്ത തയ്യാറാക്കൽ.
- ഓരോ കുട്ടിക്ക് ഒരു കൈയെഴുത്ത് മാസിക
- ദിനാചരണങ്ങൾ പ്രാവർത്തികമാക്കൽ.
- പുസ്തകാസ്വാദനം – കുറിപ്പ് തയ്യാറാക്കൽ
- പതിപ്പ് തയ്യാറാക്കൽ
- [illegible] മാഗസിൻ.

| | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മൂല്യനിർണയം |
|---|---|---|---|---|---|---|
| 1 | അക്ഷരജ്ഞാനത്തിലൂടെ പുസ്തകങ്ങളിലേക്ക് | 5th, 6th Std-ലെ കുട്ടികൾക്ക് അക്ഷരങ്ങൾ പരിചയപ്പെടുത്തി വാക്കുകളിലൂടെ, സംഭാഷണങ്ങളിലൂടെ എഴുത്തിന്റെയും വായനയുടെയും പുസ്തക ലോകത്ത്. | ജൂൺ, ജൂലൈ ആഗസ്റ്റ് | മലയാളം അധ്യാപകർ | | H.M |
| 2 | ശബ്ദാവലി പരിചയപ്പെടുത്തൽ. | വാക്കുകളുടെ അർത്ഥം കണ്ടുപിടിക്കൽ, പരിചയപ്പെടുത്തൽ. | ജൂലൈ, ആഗസ്റ്റ് | മലയാളം അധ്യാപകർ | അധ്യാപകർ | H.M |
| 3 | പദപരിചയം | വാക്കുകളുടെ അർത്ഥം പിരിച്ചെഴുതി ചേർത്ത് പദങ്ങളാക്കൽ. | ആഗസ്റ്റ് | മലയാളം അധ്യാപകർ | അധ്യാപകർ | H.M. |

| | | | | | | |
|---|---|---|---|---|---|---|
| 4. | ക്ലാസ്സ് ലൈബ്രറി. | ഓരോ ക്ലാസ്സിലും ലൈബ്രറി സ്ഥാപിക്കൽ, പുസ്തക ശേഖരണം, വായന കുറിപ്പ് തയ്യാറാക്കൽ | ജൂൺ to March | അധ്യാപകർ | | H.M |
| 5. | മലയാളം അസംബ്ലി | എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി, വാർത്താ ചിന്താവിഷയം, മഹത് വചനം എന്നിവ ഉൾപ്പെടുത്തി അസംബ്ലി. | മാസത്തിൽ ഒന്ന്. | കുട്ടികൾ | | അധ്യാപകർ |
| 6. | ICT സാധ്യത ഉൾപ്പെടുത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട Videos ക്ലാസ്സിൽ കാണിക്കൽ. | ജൂൺ to March. | കുട്ടികൾ | | അധ്യാപകർ |
| 7. | മലയാളം ക്ലബ് പ്രവർത്തനം. | നാടകം, ദൃശ്യാവിഷ്കാരം, കവിതാലാപനം, കഥ ചൊല്ലൽ തുടങ്ങിയ പ്രവർത്തനങ്ങൾ | ഓരോ ടീമിന് ഓരോ പ്രവർത്തനം | അധ്യാപകരും, കുട്ടികളും | | അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| 8. | കൈയെഴുത്ത് മാസിക | സർഗ്ഗ വാസന പ്രോത്സാഹിപ്പിക്കുന്നതിന്, [illegible] ഒരു കുട്ടി ഒരു കൈയെഴുത്ത് മാസിക. | ആഗസ്റ്റ് - ഡിസംബർ. | വിദ്യാർത്ഥികൾ | | H.M. |
| 9 | സ്കൂൾ മാഗസിൻ | കവിതാ രചന, കഥാ രചന, ചിത്ര രചന, പ്രിന്റിംഗ് ഉൾപ്പെടുത്തി മാഗസിൻ. | നവംബർ - ഡിസംബർ | വിദ്യാർത്ഥികൾ | | H.M, അധ്യാപകർ |

SHENBAGAM

| പ്രവർത്തനങ്ങൾ | ക്ലാസ് | മാസം. |
|---|---|---|
| 1. ഭാരതീയ ജനതയുടെ കൃഷി, വിനോദം, ആഘോഷം തുടങ്ങിയവയുമായി ബന്ധപ്പെട്ട കലാരൂപങ്ങളെ പരിചയപ്പെടുത്തുന്നു. (Project) | UP (7th) | ജൂൺ — ആഗസ്റ്റ്. |
| 2. കുഞ്ചന്റെ കവിതകളും നാടോടി കഥകളും (Assignment) | UP (5th) | October |
| 3. പഴഞ്ചൊല്ലുകൾ നടത്തുകയും അവയുടെ വിവിധ ചിത്രീകരണം നടത്തി, ശബ്ദവിശേഷണം ചെയ്ത് ഉല്ലേഖനം ചെയ്യുന്നു. | UP (5th) (7th) | October |
| 4. ചിത്രം - 1 കർഷക ദിനം (Assignment) | 8th | November. |
| 5. കടങ്കഥകൾ, ചടങ്ങുകൾ (Assignment) | 10th | October. |
| 6. വാക്യ ദൃശ്യങ്ങൾ കൊണ്ട് സമ്പന്നമാണല്ലോ ... എന്ന കവിതാശകലം അത്തരം ദൃശ്യങ്ങൾ കണ്ടെത്തി സംഗീത ശില്പം അവതരണം. | 9th | October. |

| പ്രവർത്തനങ്ങൾ | ക്ലാസ് | മാസം |
| --- | --- | --- |
| 7. പ്രകൃതി പ്രമേയമാക്കി വരുന്ന കഥകൾ / കവിതകൾ എന്നിവ ശേഖരിച്ച് അവതരണം. | 9th | November. |
| 8 വിവിധ പ്രദേശങ്ങളിലെ വിവിധ തൊഴിൽ മേഖലക ളിൽ പ്രവർത്തിക്കുന്ന വ്യക്തികളുമായി തൊഴിലും, സംസ്കൃ- തിയും എന്ന വിഷയത്തിൽ അഭിമുഖം. | 9th | January. |
| 9 [illegible] ആധാരമാക്കി വിവരശേഖരണം | 9th | February |
| 10 വൈക്കം മുഹമ്മദ് ബഷീർ - നോവൽ ആസ്വാദനം (Assignment. | 10th. | January. |

# ACADEMIC MASTER PLAN

## ENGLISH

## (2025 - 2026)

# OBJECTIVES

- → Expand and strengthen student success initiatives.
- → Enhance academic excellence.
- → Acquire basic language skills
- → Acquire linguistic competence
- → Develop an interest in literature
- → Develop creative thinking and imagination
- → Develop aesthetic sense
- → Integrate technology and digital learning.
- → Foster community partnerships.

# Activities

- → Phonetics
- → Card Reading
- → Using Dictionary
- → Situational Conversation
- → Spelling Match
- → Class Library
- → Introduction to authors
- → Introduction to books
- → Short story
- → Puzzles and Games
- → Book Review
- → Story Writing
- → Role play
- → Mock Interviews
- → English Assembly
- → Writing Poems
- → Script Writing
- → Writing Articles
- → News Reading
- → Seminar
- → Projects
- → Speech
- → Debate
- → English Fest.

| Activity | Procedure | Class | Time Frame | Teacher in charge | Fund |
|---|---|---|---|---|---|
| Phonetics | Introducing the basics of spoken language | V, VI | June | | |
| Card Reading | An interesting method to learn coords structures and sentences. | V, VI, VII | June | | |
| Dictionary | Familiarize new words by using dictionary and thus enrich vocabulary | VI, VII, VIII | June | | |

| Activity | Procedure | Class | Time Frame | Teacher in Charge | Fund |
|---|---|---|---|---|---|
| Situational Conversation | Situations are given. using these students create conversations | VII, VIII | July | | |
| Spelling Match | Conducting spelling 'bee' to test students vocabulary | VI, VII, VIII | July | | |
| Class Library | Setting a class library by selecting books on the basis of age group | UP & HS | July | | |
| Introduction to books and authors. | Introducing some of the famous books and their authors | UP & HS | August | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| Short Story Reading | Guiding students to read short stories in order to familiarise language. | VI, VII, VIII | August | | |
| Puzzles and Games | Students prepare crossword puzzles using newly learnt words. | V, VI, VII | August | | |
| Book Review | Writing a review of books enable students appreciate literature. | UP & HS | September | | |
| Story Writing | Guiding students to write stories in order to develop creative thinking. | UP & HS | September | | |

| | | | | | |
|---|---|---|---|---|---|
| Role Play | Setting a platform for the students to perform and develop the skills. | VII, VIII | October | | |
| Mock Interview | Students play role of famous personalities; Setting platform for Students to interview. | VII, VIII, IX | October | | |
| Poem Writing | Guiding students write poems. | UP $ HS | November | | |

| | | | | | |
|---|---|---|---|---|---|
| Script Writing | Students develop an interest in language learning and literature. Enable Creative thinking. | VII, VIII | December | | |
| Writing Articles | Students collect various articles, evaluating contents and writing similar articles. | VII, VIII, IX | December | | |
| News Reading | Students read news to develop a social awareness and interest | UP & HS | December | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| Seminar | Students prepare topics and present Seminar. | VII, VIII IX | January | | |
| English Fest | A platform for Students to showcase their skill. An opportunity to put different levels of Programmes together. | UP & HS | January | | |
| Projects | Topics on various lessons, authors and books are given | V. VII, VIII IX | February | | |

# अकादमिक मास्टरप्लान
# हिंदी 2025-26

सेंट मेरीस एच एस एस विझिंजम

# उद्देश्य

* सभी छात्रों को हिंदी भाषा अच्छी तरह लिखना, पढ़ना और बातचीत करने की क्षमता बढ़ाना।
* हिंदी भाषा पढ़न सरल और मज़ेदार होने के लिए विविध प्रक्रियाओं पर ध्यान देना।
* हरेक इकाई से हरेक छात्र को क्या क्या अधिगम उपलब्धियाँ [Learning outcome] अर्जित करना है, उस पर ज़ोर देना।
* हिंदी भाषा सीखने से हरेक छात्र के मन में भाषा के प्रति प्रेम और देशप्रेम भी बढ़ाना।
* विशेष ध्यान रखनेवाले अथवा विशेष ध्यान की ज़रूरत रखनेवाले बच्चों के लिए विविधतापूर्ण एवं नवीन शैक्षिक तत्वों का रूपायन करना।

# प्रक्रियाएँ

1 पाँचवी, छठीं कक्षा के छात्रों को वर्णमाला परिचय करके शब्दों द्वारा [पुस्तिका की ओर]

2. शब्दकोश का परिचय और कार्यालय शब्दों का भी परिचय करना।

3. हफ्ते का नाम, महीना, फूलों, सब्जियाँ आदि का नाम परिचय करना और गिनती।

4. यू पू कक्षा के छात्रों के लिए हिंदी ID कार्ड [केवल हिंदी कक्षा में]

5. कक्षा में हिंदी पुस्तकालय / पुस्तक परिचय / पदपरिचय / लेखक का परिचय।

6 हिंदी भाषा असंब्ली, कक्षा में कवितालापन, कहानी प्रस्तुति, आदि।

7. हिंदी प्रश्नोत्तरी चलाना।

8. हिंदी क्लब के छात्रों द्वारा समाचार वाचन (रोज़) करके क्लास टेल में भेजना।

9. हिंदी क्लब को सक्षम बनाना। नाटक, स्किट, कोरियोग्रफी आदि करवाना।

10. कक्षा में आई. सी. टी की उपयोगिता।

11. मेरी हिंदी पुस्तिका की तैयारी, डायरी, पत्र, वार्तालाप, पटकथा, पोस्टर, वाक्य पिरामिड, ब्लर्ब आदि का संचयन करना।

12. पाठभाग के साथ साथ व्याकरण को भी ज़ोर देना।

13. हिंदी हस्तलिखित पुस्तिका / हिंदी वर्कशीट

14. विनायरण हिंदी में

15. हिंदी कलोत्सव

| प्रक्रियाएँ<br>പ്രവർത്തനം | വിശദാംശങ്ങൾ | समय<br>കാലയളവ് | दायित्व<br>ചുമതല | आर्थिक कार्य<br>സാമ്പത്തികം | आकलन<br>മോണിറ്ററിംഗ് |
|---|---|---|---|---|---|
| അക്ഷര പഠനത്തിലൂടെ പുസ്തകത്തിലേയ്ക്ക് | 5th, 6th Std-ലെ കുട്ടികൾക്ക് അക്ഷരങ്ങൾ പരിചയപ്പെടുത്തി വാക്കുകളിലൂടെ സംഭാഷണങ്ങളിലൂടെ പാട്ടിന്റെയും വായനയുടെയും പുസ്തക ലോകത്ത്. | June<br>July<br>August | Hindi Teachers | – | H.M |
| ഹിന്ദി ശബ്ദകോശം പരിചയപ്പെടുത്തൽ | ക്ലാസുകളിൽ കുട്ടികൾക്ക് Dictionary യിൽ നിന്ന് വാക്കുകളുടെ അർത്ഥം കണ്ടുപിടിയ്ക്കുന്നതിന് പരിചയപ്പെടുത്തുന്നു. | July<br>August | Hindi Teachers | Teachers | H.M |
| പദപരിചയം | ആഴ്ച, മാസം, പൂക്കൾ പച്ചക്കറികൾ, ബന്ധങ്ങൾ മുതലായവയുടെ ഹിന്ദി പദങ്ങൾ പരിചയപ്പെടുത്തുന്നു. | August | Hindi Teachers | Hindi Teachers | H.M |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | ഉത്തരവാദിത്വം |
|---|---|---|---|---|---|
| UP വിഭാഗത്തിലെ [illegible] | 5th 6th 7th ക്ലാസുകളിലെ കുട്ടികൾക്കും പേര്, സ്കൂൾ, ക്ലാസ് ഉൾപ്പെടുന്ന കാർഡ് (ഹിന്ദിയിൽ മാത്രം) | First Term | Teachers | – | – |
| HINDI LIBRARY ക്ലാസ് ലൈബ്രറി (पुस्तकालय) | ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി നിർമ്മാണം ക്ലാസിലെ നിലവാരമനുസരിച്ച് പുസ്തകശേഖരണം നടത്തുന്നു. വായന ഉറപ്പാക്കുന്നു. കുറിപ്പുകൾ എഴുതിവയ്ക്കുന്നു. | June to March | Teachers | – | H.M |
| ഹിന്ദി [illegible] | എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു. [illegible] വചനങ്ങൾ, [illegible] വരെ [illegible] [illegible] | ഓരോ Term-ൽ ഒന്ന് | Students | – | – |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മൂല്യനിർണയം. |
|---|---|---|---|---|---|
| ഹിന്ദി ക്വിസ്മത്സരം | സാഹിത്യം, പൊതുവിജ്ഞാനം അടിസ്ഥാനമാക്കി ഹിന്ദി ക്വിസ് നടത്തി വിജയികൾക്ക് ഹിന്ദി അസംബ്ലിയിൽ സമ്മാനം നൽകുന്നു. | ഒരു മാസത്തിൽ ഒരു തവണ | Teacher | - | H.M |
| समाचार वाचन | എല്ലാ ക്ലാസ്സിലെയും ഹിന്ദി ക്ലബിലെ കുട്ടികൾ Daily News Reading നടത്തുകയും ക്ലാസുകളിലെ ഗ്രൂപ്പുകളിൽ Send ചെയ്യുന്നു. | Every day | Students | - | Teachers. |
| ICT अथवा प्रौद्योगिकी का उपयोग | ഹിന്ദി പത്രം, e-paper Internet-ൽ നിന്നെടുത്ത് വായനയ്ക്ക് അവസരം നൽകുന്നു. ഓരോ ആഴ്ചയും വ്യത്യസ്ത ഭാഷാ പത്രം പരിചയപ്പെടുത്തുന്നു. | ആഴ്ചയിൽ ഒരിക്കൽ | Students | - | Teachers. |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | പ്രതീക്ഷിത ഫലം |
|---|---|---|---|---|---|
| ഹിന്ദി [illegible] (കയ്യെഴുത്ത് മാസിക) | കുട്ടികളിലെ സർഗ്ഗവാസന ഉണർത്തുന്നതിന് വേണ്ടി തയ്യാറാക്കി നൽകുന്ന കവിതകൾ കഥകൾ മുതലായ സാഹിത്യ രചനകൾ സമാഹരിച്ച് മാസിക തയ്യാറാക്കി പൊതു വേദിയിൽ പ്രകാശനം ചെയ്യുന്നു. | One book One Term | UP (1) HS (1) Teachers | - | 1.1.13 |
| ഹിന്ദി വായന | മാസത്തിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും 'സർഗ്ഗവേളയിൽ' ഹിന്ദി സാഹിത്യ സമാജം കൂടുന്നു. | June to February | Teachers | - | 1.1.13 |
| Hindi Note book [illegible] ഉറപ്പാക്കുക. | ഓരോ കുട്ടിക്കും Note book ഓരോ Chapter കഴിയുമ്പോഴും [illegible] തിരുത്തി നൽകുക, Note book [illegible] | June to March. | Students | - | 1.1.13 |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| मेरी हिंदी पुस्तिका എന്ന ഹിന്ദിയുടെ ആൽബം | ഓരോ കുട്ടിയ്ക്കും ഹിന്ദി ഭാഷയോട് താൽപര്യം ജനിപ്പിക്കുന്നതിനായി അവർ ഉപയോഗിക്കുന്ന Product-കൾ Book-ൽ ഉൾപ്പെടുത്തി ഹിന്ദിയിലുള്ള പേര് നൽകി വരച്ചും ചിത്രങ്ങളും നൽകി സൂക്ഷിക്കുന്നു. | June to March | Students | - | Teachers 1-1-17 |
| വ്യാകരണം | പാഠഭാഗങ്ങളുടെ പഠനത്തോടൊപ്പം വ്യാകരണത്തിനെ കൂടി ഊന്നൽ നൽകിയുള്ള പഠനം | June to March | Teachers | - | Teachers 1-1-17 |
| ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. | ഹിന്ദി സാഹിത്യവുമായി ബന്ധപ്പെട്ട നാടകം, skit, കവിതാലാപനം, കഥ പറച്ചിൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ അവതരണത്തിലൂടെ ഭാഷാസ്നേഹം വളർത്തുന്നു. | September | Teachers Students | - | 1-1-17. |

| ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക [illegible] |
|---|---|---|---|---|
| നിരന്തര മൂല്യനിർണ്ണയ ത്തിലൂടെ പഠന പുരോഗതി വിലയിരുത്തി ലക്ഷ്യങ്ങളുടെ സാക്ഷാത്കാരം. | Continuous evaluation-ലൂടെ കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തി പഠനനേട്ടം [Learning out come] നേടി യെന്ന് ഉറപ്പ് വരുത്തുന്നു. | June to February | UP HS Teachers | - 1-1-15 |
| ഹിന്ദി കലോത്സവം | ഹിന്ദി വാരാഘോഷം (हिंदी सप्ताह समारोह) നടക്കുന്ന സമയത്ത് ഹിന്ദി കലോത്സവം സ്കൂളിൽ നടത്തുന്നു. കുട്ടികൾക്ക് കൂടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. | September | UP 1-15 Teachers | |

धन्यवाद

# ACADEMIC MASTER PLAN

## Physical Science

2025 - 2026

## ആമുഖം

നാം ജീവിക്കുന്ന പ്രപഞ്ചത്തെ ശാസ്ത്രീയമായി നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്തതിന്റെ ഫലമായി ആർജ്ജിക്കാൻ കഴിഞ്ഞ അറിവുകളുടെ സമാഹാരമാണ് ഭൗതിക ശാസ്ത്രം. ആറ്റോമിക കണങ്ങളുടെ അതി സൂക്ഷ്മ ലോകം മുതൽ ആകാശ ഗംഗ അടങ്ങിയ മഹാ പ്രപഞ്ചം വരെ ഭൗതിക ശാസ്ത്രം വ്യാപരിക്കുന്നു. നൂതന സാങ്കേതിക വിദ്യകൾക്ക് കാരണമാകുന്നുവെന്നതു കൊണ്ടും ഭൗതിക ശാസ്ത്രത്തിലെ കണ്ടെത്തലുകൾ മറ്റ് ശാസ്ത്രങ്ങളുടെ പുരോഗതിക്ക് കാരണമാകുന്നുവെന്നതു കൊണ്ടും ഭൗതിക ശാസ്ത്ര പഠനം കുട്ടികൾക്ക് ലളിതമായി ഗ്രഹിക്കുവാൻ സാധിക്കുന്ന തരത്തിലും രസകരമായും കൈകാര്യം ചെയ്യേണ്ടതുണ്ട്.

## ഉദ്ദേശ്യങ്ങൾ

വിദ്യാർത്ഥികളിൽ ശാസ്ത്രമനോഭാവവും യുക്തിസഹമായ ചിന്തയും വളർത്തുക

നിത്യജീവിതത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക.

ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.

ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ.

| | | | |
|---|---|---|---|
| ശാസ്ത്രദിനാചരണം<br>പരിസ്ഥിതി ദിനം, ചാന്ദ്രദിനം, ഓസോൺ ദിനം, ബഹിരാകാശ വാരം എന്നിവയുമായി ബന്ധപ്പെട്ട് സ്കൂൾ തലത്തിൽ സ്പെഷ്യൽ അസംബ്ലി, ക്വിസ്, രചനാമത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ് | |
| ശാസ്ത്രച്ചെപ്പ്<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ, വിദ്യാർത്ഥികൾ | PTA |

| പ്രവർത്തനങ്ങൾ | സമയം | ചുമതല | സഹായങ്ങൾ, വിഭവങ്ങൾ |
|---|---|---|---|
| ശേഖരം തയ്യാറാക്കുന്നു.<br>എക്സ്പ്ലോർ - എക്സ്പീരിയൻസ്<br>പ്ലാനറ്റോറിയം, സയൻസ് മ്യൂസിയം, VSSC- സ്പേസ് മ്യൂസിയം, TESLA പാർക്ക് എന്നിവയിലേക്ക് ഫീൽഡ് ട്രിപ്പ്. | ഒക്ടോബർ | സയൻസ് ക്ലബ് | PTA |
| ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | ജൂലൈ | സയൻസ് അധ്യാപകർ, വിദ്യാർത്ഥികൾ | |
| ശാസ്ത്ര ലൈബ്രറി.<br>കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾപ്പെടുത്തിച്ച് ശാസ്ത്ര ലൈബ്രറി തയ്യാറാക്കുന്നു. | ജൂൺ | സയൻസ് ക്ലബ് | |

| | | ചുമതല | |
|---|---|---|---|
| വിസ്മയത്തുമ്പത്ത്...<br>ശാസ്ത്ര വിസ്മയങ്ങൾ<br>ICT യുടെ സഹായത്തോടെ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം, ശാസ്ത്ര സിനിമാ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | PTA |
| ലിറ്റിൽ മാസ്റ്റേഴ്സ്.<br>പ്രതിഭാശാലികളായ വിദ്യാർത്ഥികളിലെ ഗവേഷണോത്സുകത വർദ്ധിപ്പിക്കാൻ YIP, SIM തുടങ്ങിയ പ്രോഗ്രാമുകളിൽ കുട്ടികൾക്ക് അവസരം നൽകുന്നു. | ആഗസ്റ്റ്, സെപ്റ്റംബർ | " | |

| | | | |
|---|---|---|---|
| സ്പാർക്ക്<br>ക്ലാസ്തലത്തിലും സ്കൂൾതലത്തിലും ശാസ്ത്ര ക്വിസ്, മാഗസിൻ, ശാസ്ത്ര മേള എന്നിവ സംഘടിപ്പിച്ച് കുട്ടികളെ ജില്ലാതല മത്സരങ്ങൾക്ക് സജ്ജരാക്കുന്നു. | നവംബർ | ശാസ്ത്ര അധ്യാപകർ | |

# ACADEMIC MASTER PLAN

## BIOLOGY

## 2025 - 2026

ഉപസംഹാരം

ജീവികളെക്കുറിച്ചുള്ള വിവരശേഖരണം മാത്രമല്ല ജീവശാസ്ത്ര പഠനം. വിവിധ ജന്തു സസ്യ ജാലങ്ങളിലൂടെ പ്രകൃതി നുകർന്നു തരുന്ന അറിവുകളെ നമ്മുടേയും ഇതര ജന്തുസസ്യജാലങ്ങളുടേയും പ്രകൃതിയുടേയും സുസ്ഥിരവികസനത്തിന് പ്രയോജനപ്പെടുത്താനുള്ള പരിശീലനമാണ് ജീവശാസ്ത്ര പഠനം ലക്ഷ്യം വയ്ക്കുന്നത്. ഈ ലക്ഷ്യം നേടണമെങ്കിൽ ഓരോ ശാസ്ത്ര ക്ലാസും ഒരു പരീക്ഷണശാലയാകണം. ഓരോ കുട്ടിയും ഓരോ ശാസ്ത്രജ്ഞനാകണം. കുട്ടിയെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്ന ഒരു വഴികാട്ടിയാകണം ഓരോ അധ്യാപകനും. ഈ കാഴ്ചപ്പാടിലൂന്നിയാണ് ഇന്ന് ക്ലാസ്റൂം പ്രവർത്തനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നത്

1. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ജീവശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

2. ജീവശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

3. സ്വന്തം ആരോഗ്യവും ജീവിതവും മെച്ചപ്പെടുത്തുന്നതിന് ജീവശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും വികസിപ്പിച്ചെടുക്കുക.

4. തുടർച്ചയായി സമൂഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന പകർച്ചവ്യാധികളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുക.

5. സ്കൂൾ കാമ്പസും സമൂഹവും ലഹരിവിമുക്തമാക്കാൻ കുട്ടികളെ സജ്ജരാക്കുക.

6. സ്കൂളും വീടും പരിസരവും പ്ലാസ്റ്റിക് രഹിതവും മാലിന്യരഹിതവുമായി സംരക്ഷിക്കാൻ വേണ്ട അവബോധം കുട്ടികളിൽ വളർത്തുക.

7. വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക.

8. Fast food, Junk food, നിറം കലർന്ന ശീതളപാനീയങ്ങൾ തുടങ്ങിയ അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ ഒഴിവാക്കാൻ കുട്ടികൾക്ക് ബോധവൽക്കരണം നൽകുക.

9. വിവിധ ജീവിതശൈലീരോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം.

10. പോഷകസമൃദ്ധമായ ആഹാരക്രമത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം നൽകുക.

11. സ്വയം ശാസ്ത്രപരീക്ഷണനിരീക്ഷണങ്ങളിലേർപ്പെടാനുള്ള അവസരം കുട്ടികൾക്ക് നൽകുക.

12. Home lab തയ്യാറാക്കുന്നതിനും Science kit സ്കൂളിലേയ്ക്ക് എത്തിക്കുവാനുമുള്ള അവസരങ്ങൾ നൽകുക.

13. ക്ലാസ് മുറിക്ക് പുറത്തുള്ള (പ്രകൃതിയെ അറിയാനും പഠിക്കാനും പാഠപുസ്തകങ്ങൾക്കപ്പുറം വിദ്യാർത്ഥികളെ സജ്ജരാക്കാൻ field trip പോലുള്ള

പ്രവർത്തനങ്ങൾക്ക് കുട്ടികൾക്ക് അവസരം നൽകുക.

14. വിഷരഹിത പച്ചക്കറി ശീലമാക്കാനും ഭക്ഷ്യസുരക്ഷയിൽ സ്വയംപര്യാപ്തത നേടാനും കുട്ടികളെ സജ്ജരാക്കാൻ Home farming വീടുകളിൽ Terrace farming, vertical farming തുടങ്ങിയ പ്രവർത്തനങ്ങൾക്കും കുട്ടികൾക്ക് അവസരം നൽകുക.

15. ലൈംഗികവിദ്യാഭ്യാസം, പ്രത്യുത്പാദനാരോഗ്യം എന്നി വിഷയങ്ങളെക്കുറിച്ചുള്ള ബോധവത്കരണക്ലാസുകളിലൂടെ കുട്ടികൾ ഈ മേഖലകളിൽ ഉണ്ടാകുന്ന ചൂഷണം തിരിച്ചറിയാനും പ്രതിരോധിക്കാനുമുള്ള കഴിവ് ആർജ്ജിക്കുന്നു.

| Activity | Time | Class | Objective | Responsibility | Budget |
|---|---|---|---|---|---|
| ജൈവ വൈവിധ്യ ഉദ്യാനം (Biodiversity park)<br>School campus ലെ വലിയ മരങ്ങൾ വെട്ടിയൊരുക്കി സുരക്ഷിതവും ആകർഷകവുമാക്കി അവയിൽ name board സ്ഥാപിക്കുന്നു.<br>പ്രധാന School കെട്ടിടത്തിനു മുന്നിൽ ലഭ്യമാകുന്ന പരമാവധി സ്ഥലത്ത് തറയിലും ചെടിച്ചട്ടികളിലുമായി ഉദ്യാനസസ്യങ്ങളും ഔഷധ സസ്യങ്ങളും നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നു. ഓരോ ചെടിയും തിരിച്ചറിയുന്നതിനായി name board സ്ഥാപിക്കുന്നു. ഓരോ സസ്യത്തിലും അതിന്റെ പേരും ഔഷധഗുണവും വ്യക്തമാക്കുന്ന board സ്ഥാപിക്കുന്നു.<br>സ്കൂളിനോട് ചേർന്നുള്ള സ്ഥലത്ത് അടുക്കളത്തോട്ടം നിർമ്മിക്കുന്നു. വിഷരഹിത | | | | | |

| Activity | Time | Class | Objects | Responsibility | Budget |
|---|---|---|---|---|---|
| പച്ചക്കറികൾ ഉല്പാദിപ്പിക്കുക എന്നതാണ് ലക്ഷ്യം.<br>ഔഷധസസ്യങ്ങളുടെ ഇലകളുപയോഗിച്ച് herbarium<br>തയ്യാറാക്കുന്നു.<br>വിവിധ ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ, അവരുടെ<br>കണ്ടുപിടിത്തങ്ങൾ എന്നിവ ഉൾപ്പെടുത്തി ആൽബം<br>തയ്യാറാക്കുന്നു.<br><br>കൈയെഴുത്ത് മാസിക.<br>ശാസ്ത്രത്തിന്റെ സാമൂഹ്യധർമ്മം ബോധ്യപ്പെടു-<br>ടാൻ ആധുനിക ചികിത്സാരംഗത്ത് സാധ്യത ഒരുക്കുന്ന<br>വിത്തുകോശ ഗവേഷണങ്ങളെക്കുറിച്ചും മനുഷ്യവംശം<br>അഭിമുഖീകരിക്കുന്ന രോഗങ്ങൾ പോലുള്ള പ്രതി<br>സന്ധികളെ ഫലപ്രദമായി തടയാൻ ശാസ്ത്രം എങ്ങനെ<br>സഹായിക്കുന്നു എന്നതിന് വിത്തുകോശ ഗവേഷണ<br>അങ്ങനെ ചില മുന്നേറ്റങ്ങളെക്കുറിച്ചുള്ള വാർത്ത | | | | Science club | 1000/- |

| Activity | Time | Class | Objective | Response | Result |
|---|---|---|---|---|---|

വിത്തും ചിന്തനങ്ങളും ശേഖരിച്ച് തൈ വെച്ചുന്ന് മാസിക
തയ്യാറാക്കുന്നു.

ഫീൽഡ് ട്രിപ്പ്

ഭൂമിയിൽ മനുഷ്യന്റെ നിലനിൽപ്പിന് ആഹാരം
അനിവാര്യമാണ് കൃഷിക്കും കർഷകരും നേരിടുന്ന പ്രതിസന്ധി-
കൾ, വെല്ലുവിളികൾ എന്നിവയ്ക്ക് പരിഹാരങ്ങളെന്തു
ക്കു സമൂഹത്തിൽ പ്രചരിപ്പിക്കുകയും വിഷരഹിത
ഭക്ഷണം സ്വയം ഉല്പാദിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാ
ക്കുന്നതിന് എല്ലാവരും കൃഷി ചെയ്യുന്ന സന്നദ്ധരാകണം.
ജീവികളുടെ നിലനിൽപ്പിന് ജൈവവൈവിധ്യം
എത്രമാത്രം അത്യന്താപേക്ഷിതമാണെന്ന് മനസിലാക്കു
ന്നതിന് പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളിൽ
ഏർപ്പെടാനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.
അപകടങ്ങളിൽ പെടുന്നവർക്ക് നൽകേണ്ട
പ്രഥമശുശ്രൂഷകളെ കുറിച്ച് പ്രാദേശികാരോഗ്യ

SHENBAGAM

| Activity | Time | Class | Objective | Responsibility | Budget |
|---|---|---|---|---|---|
| പ്രവർത്തകരുടെ സേവനം ലഭ്യമാക്കുന്നു.<br><br>സയൻസ് മാഗസിൻ<br>വിവിധ ക്ലാസുകളിലെ പഠന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് കൊണ്ട് Science magazine തയ്യാറാക്കുന്നു.<br><br>Poster നിർമ്മാണം:<br>രക്തദാനം, നേത്രദാനം എന്നിവയെ പ്രചോദിപ്പിക്കുന്ന ബോധവൽക്കരണത്തിന് Poster നിർമ്മാണം<br><br>സെമിനാർ:<br>ജീവിതശൈലീരോഗങ്ങൾ നിയന്ത്രണവിധേയമാക്കുന്നതിന് ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സെമിനാർ.<br><br>Science Quiz:<br>ശാസ്ത്ര അഭിരുചി വളർത്തുന്നതിന്റെ ഭാഗമായി ഓരോ മാസവും Science Clubന്റെ നേതൃത്വത്തിൽ Science Quiz സംഘടിപ്പിക്കുന്നു. | | | | | |

SHENBAGAM

| Activity | Time | Class | Objective | Responsibility / Budget |
|---|---|---|---|---|
| Science fest | | IX | 1, 2 | Science club — 1000/- |

Science fest

ജില്ലാ തല exhibition ന് മുന്നോടിയായി സ്കൂൾ തല Science exhibition സംഘടിപ്പിക്കുന്നു. Simple experiments, working models, still models, Charts, Science projects എന്നിവ ഉണ്ടാകുന്നു. ദിനംപ്രതി പത്രമാസികകളിൽ science ആയി ബന്ധപ്പെട്ട് വരുന്ന വാർത്തകളും ചിത്രങ്ങളും ശേഖരിക്കുകയും പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൊളാഷ് നിർമ്മിക്കുകയും ചെയ്യുന്നു.

Science വിഷയങ്ങളുമായി ബന്ധപ്പെട്ട documentary & cinema പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

SHENBAGAM

# ACADEMIC MASTER PLAN

## Social Science

2025 - 2026

# ആമുഖം

മനുഷ്യ സമൂഹത്തിന്റെ വശങ്ങളെ വിലയിരുത്തുന്ന ഒരു ശാസ്ത്രശാഖയാണ് സാമൂഹിക ശാസ്ത്രം. സംവേദനക്ഷമത, വഴക്കം, പോസിറ്റിവിറ്റി, മൂല്യനിർണ്ണയ കഴിവ് എന്നിവയാണ് ഒരു വ്യക്തിയുടെ ജീവിതത്തിന് മൂല്യം നൽകുന്ന സാമൂഹിക ശാസ്ത്രങ്ങളുടെ സവിശേഷതകൾ. അവ സമൂഹത്തിന് ജീവിക്കാൻ മെച്ചപ്പെട്ട ഒരു സംസ്കാരവും ലോകവും രൂപപ്പെടുത്താൻ പ്രാപ്തമാക്കുന്നു. സാമൂഹ്യശാസ്ത്രത്തെ കുറിച്ചുള്ള അറിവ് വിമർശനാത്മക ചിന്ത, വർദ്ധിപ്പിക്കുകയും ചോദ്യത്തെ ശേഷി മെച്ചപ്പെടുത്തുകയും ആളുകളെ കൂടുതൽ നിരീക്ഷണ പാടവം ഉള്ളവരാക്കുകയും ചെയ്യുന്നു. അക്കാദമികമായി ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിന് ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിൽ സാമൂഹിക ശാസ്ത്രം ഒരു പ്രധാന വിഷയമാണ്.

പ്രവർത്തനം : I

പേര്: സാമൂഹ്യശാസ്ത്രശില്പശാല

മേഖല : അക്കാദമിക

ഉപമേഖല : സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6, 8, 10 നമ്മുടെ പ്രദേശത്തും ദേശീയ തലത്തിലും നടന്ന സംഭവങ്ങളെക്കുറിച്ചുള്ള ചർച്ച സംഘടിപ്പിക്കുക. | • പ്രാദേശിക, ദേശീയ അന്തർ ദേശീയ വാർത്തകൾ ശേഖരിക്കുകയും അവയെ അടിസ്ഥാനമാക്കി ചർച്ചകൾ സംഘടിപ്പിക്കുന്നു<br>• സാമൂഹ്യ പ്രശ്നങ്ങളായ പട്ടിണി, ദാരിദ്ര്യം, ലഹരി, വ്യസനങ്ങൾ etc.. | പ്രതിമാസം | സോഷ്യൽ സയൻസ് ക്ലബ്ബ് | 500/- |

പ്രവർത്തനം : 2

പേര് : പത്രക്വിസ്

മേഖല : അക്കാദമികം

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക സംഭവങ്ങളിൽ കുട്ടികൾക്ക് താല്പര്യം ജനിപ്പിക്കുക. | • പത്ര വായന<br>• ദിന പത്ര വായനയ്ക്കായി തിങ്കൾ മുതൽ വെള്ളിയാഴ്ച വരെയുള്ള ദിവസങ്ങളിൽ ഉച്ചക്ക് 1 മണി മുതൽ 1.15 വരെയുള്ള സമയം ഉപയോഗിക്കുന്നു. | എല്ലാ ദിവസവും | ക്ലാസ് ടീച്ചേർസ് | 10000/- (Sponcers) |
| | • ഓരോ ആഴ്ചയിലെയും പത്ര വാർത്തകളുടെ അടിസ്ഥാനത്തിൽ ആദ്യം ക്ലാസ് തലത്തിലും തുടർന്ന് സ്കൂൾ തലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | എല്ലാ വെള്ളി ആഴ്ചകളിലും | സോഷ്യൽ സയൻസ് ക്ലബ്ബ് | |

പ്രവർത്തനം 3 പേര്: എക്സിബിഷൻ കോർണർ മേഖല: അക്കാദമിക

ഉപമേഖല: സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വൈവിധ്യമാർന്ന പ്രകൃതി വിഭവങ്ങളും പുരാവസ്തുക്കളും ശേഖരിച്ച് അവയെക്കുറിച്ച് പഠനം നടത്തുന്നതിന് | • വിവിധ തരത്തിലുള്ള മണ്ണുകൾ, പാറകൾ, നാണയങ്ങൾ, സ്റ്റാമ്പുകൾ തുടങ്ങിയവ ശേഖരിച്ച് പ്രദർശിപ്പിക്കുന്നു.<br>• വിവിധ കാലഘട്ടത്തിലുള്ള അമൂല്യ പത്രങ്ങൾ പണിയായുധങ്ങൾ തുടങ്ങിയവയുടെ പ്രദർശനം. | വർഷത്തിൽ ഒന്ന് | സോഷ്യൽ സയൻസ് ക്ലബ്ബ് | 7500/- |

പ്രവർത്തനം : 4

പേര്: ഫീൽഡ് ട്രിപ്പ്

മേഖല: അക്കാദമികം

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രസ്മാരകങ്ങൾ സന്ദർശിച്ച് നാടിന്റെ ചരിത്രത്തിൽ അഭിമാനിക്കുന്നു. | • പ്രാദേശികവും ദേശീയവുമായി ചരിത്രത്തിൽ ഇടം നേടിയിട്ടുള്ള സ്ഥലങ്ങൾ [ഗുഹാക്ഷേത്രങ്ങൾ കോട്ടപ്പുറം കോട്ട, പോർച്ചുഗീസ് ചർച്ച്, ലൈറ്റ്ഹൗസ് etc] സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയും, ചരിത്ര രചന നടത്തുകയും ചെയ്യുന്നു | വർഷത്തിൽ ഒന്ന് | സോഷ്യൽ സയൻസ് ക്ലബ്ബ് | PTA 5000/- |

പ്രവർത്തനം : 5

പേര് : സെമിനാർ

മേഖല : അക്കാദമികം

ഉപമേഖല : സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരിസ്ഥിതിക വിഷയങ്ങളിൽ ക്രിയാത്മകമായി പ്രതികരിക്കുകയും പരിസ്ഥിതി സംരക്ഷിക്കുകയും ചെയ്യുന്നു. | മണ്ണ് സംരക്ഷണം, ആഗോളതാപനം, നഗരവത്ക്കരണം തുടങ്ങിയ പാരിസ്ഥിതിക വിഷയങ്ങളുമായി ബന്ധപ്പെട്ട് സെമിനാർ സംഘടിപ്പിക്കുന്നു. | മാസത്തിൽ ഒന്ന് | സോഷ്യൽ സയൻസ്ക്ലബ്ബ് | — |

പ്രവർത്തനം : 6 പേര് : ഭൂപടവായന മേഖല : അക്കാദമികം

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പലതരം ഭൂപടങ്ങൾ പരിചയപ്പെടുത്തുകയും ഭൂപടവായന വളർത്തുകയും ചെയ്യുന്നു. | • വില്ലേജ് ഭൂപടം മുതൽ ലോക ഭൂപടം വരെ വൈവിധ്യമാർന്ന ഭൂപടങ്ങൾ പരിചയപ്പെടുത്തി ദിശ, സൂചകങ്ങൾ നിറം എന്നിവയെപ്പറ്റി ധാരണ ഉണ്ടാക്കുകയും അതിർത്തികൾ നിർദ്ദേശാങ്കങ്ങൾ തുടങ്ങി പ്രത്യേകതകൾ ഉൾക്കൊള്ളിച്ച് മത്സരങ്ങൾ നടത്തുന്നു. പസ്‌ലസ് നിർമ്മിക്കുന്നു. | പഠനവുമായി ബന്ധപ്പെട്ട വർഷം മുഴുവനും | സോഷ്യൽ സയൻസ് ക്ലബ്ബ് | 500/- |

പ്രവർത്തനം : 7 — പേര് : സ്കൂൾ പാർലമെന്റ് — മേഖല : അക്കാദമിക — ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ ബോധം വളർത്തുക. | ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുന്നു. സ്കൂൾ പാർലമെന്റ് ചെയ്യുന്നു. ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസിലാക്കുന്നു. | ഒരോ ടേമിലും | സോഷ്യൽ സയൻസ് ക്ലബ്ബ് | 2000/- |

പ്രവർത്തനം : 8 പേര്:

മേഖല : അക്കാദമികം

ഉപമേഖല : സാമൂഹ്യശാസ്ത്രം

സാമൂഹ്യ അവബോധം സൃഷ്ടിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംവാദങ്ങളിലൂടെ സമൂഹത്തെക്കുറിച്ച് അറിയുന്നതിന് | പ്രദേശത്തെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വ്യക്തികളുമായി അഭിമുഖം, സംവാദം എന്നിവ സംഘടിപ്പിക്കൽ | ഒരോ ടേമിലും | സോഷ്യൽ സയൻസ് ക്ലബ്ബ് | 3000/- |

പ്രവർത്തനം : 9     പേര്:

മേഖല: അക്കാദമികം
ഉപമേഖല: സാമൂഹ്യശാസ്ത്രം

ദുരന്തനിവാരണ അവബോധം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | PTA |

# ACADEMIC MASTER PLAN

## MATHEMATICS

## 2025 - 2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| **പ്രവർത്തനം I**<br>ചതുഷ്ക്രിയകൾക്ക് ഊന്നൽ നൽകുന്നതിനായി Multiplication table Competition നടത്തും. | ആഴ്ചതോറും ഗുണന പട്ടിക ഉറപ്പിക്കുന്നതിനുവേണ്ടി മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | അധ്യയനവർഷത്തിൽ ആവശ്യാനുസരണം. | Mathematics club. | |
| **പ്രവർത്തനം II**<br>ഗണിതഭംഗി ആസ്വദിക്കുന്നതിലൂടെ ഗണിതതത്വങ്ങൾ മനസ്സിലാക്കുന്നതിനുള്ള അവസരം ഒരുക്കൽ. | **pattern നിർമ്മാണം**<br>ആഴ്ചതോറും club-ലെ കുട്ടികൾക്ക് pattern നിർമ്മാണം (Number pattern, Geometrical pattern) ഈ പ്രവർത്തനം നൽകുന്നു. താല്പര്യമുള്ള കുട്ടികളുടെ സഹായത്തോടെ മറ്റു കുട്ടികളിലും താല്പര്യം ഉണ്ടാക്കുക. | ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ. | Mathematics club. | |
| **പ്രവർത്തനം III**<br>ഓരോ സ്കൂൾ അസംബ്ലിയിലും ഗണിത | ഗണിത club-ന്റെ Quiz ഗണിതത്തിൽ കുട്ടികൾക്ക് താല്പര്യം ഉണ്ടാക്കു | ആഴ്ചയിൽ ഒരിക്കൽ | Mathematics club | |

| | | | |
|---|---|---|---|
| Club ന്റെ ഒരു Quiz നൽകി കുട്ടികൾക്ക് ഗണിതത്തോട് താല്പര്യം ഉണ്ടാക്കുക | നതിനു വേണ്ടി സ്കൂൾ അസംബ്ലിയിൽ ഗണിതവുമായി ബന്ധപ്പെട്ട 5 ചോദ്യങ്ങൾ ചോദിക്കുന്നു. ശരി ഉത്തരങ്ങൾ എഴുതി School office-ൽ വച്ചിരിക്കുന്ന box-ൽ നിക്ഷേപിക്കുകയും ഉച്ചയ്ക്ക് ശേഷം വിജയികളെ പ്രഖ്യാപിക്കുകയും ചെയ്യുന്നു. അടുത്തു വരുന്ന അസംബ്ലിയിൽ സമ്മാനങ്ങൾ നല്കുന്നു. | | ഗണിത അധ്യാപകർ. |
| പ്രവർത്തനം IV : | Maths Assembly. | | |
| ഗണിത അസംബ്ലി സംഘടിപ്പിച്ച് എല്ലാ കുട്ടികളിലും ഗണിതഭംഗി ആസ്വദിപ്പിക്കുന്നതിന് അവസരം ഒരുക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ടു വരുന്നതിനായി ഗണിത അസംബ്ലി നടത്തുന്നു | മാസത്തിൽ ഒന്ന് ഒരു മണിക്കൂർ. | Mathematics Club. ഗണിത അധ്യാപകർ |

| | | | | |
|---|---|---|---|---|
| പ്രവർത്തനം V<br>ഗണിത താല്പര്യം വളർത്തുക, ഗണിതഭംഗി ആസ്വദിക്കുന്നതിനുള്ള അവസരം ഒരുക്കൽ. | **ഗണിതമേള സംഘടിപ്പിക്കുന്നു.**<br>ഗണിത ക്ലബ്ബിൽ നൽകിയ പ്രവർത്തനങ്ങളെ കുട്ടികൾക്ക് കാണുന്നതിനുള്ള അവസരത്തിനായി ഗണിതമേള സംഘടിപ്പിക്കുന്നു. ഓരോ മികച്ച ഇനങ്ങൾക്കും പ്രത്യേകം പ്രത്യേകം സമ്മാനങ്ങളും ഏർപ്പെടുത്തുന്നു. | ഓരോ മൂന്നു മാസം കൂടുമ്പോഴും | Mathematics club. | ഗണിത അധ്യാപകർ |
| പ്രവർത്തനം VI :<br>കൃത്യത, സൂക്ഷ്മത എന്നീ ഗണിത മൂല്യങ്ങൾ വളർത്തുന്നതിനുള്ള അവസരം ഒരുക്കുക. | **ഗണിത Magazine.**<br>ഓരോ ക്ലാസിലും ഓരോ Magazine. വീതമെങ്കിലും നിർമ്മിക്കാനുള്ള അവസരം നൽകുന്നു. എല്ലാ ക്ലാസിലെയും മികച്ച വർക്കുകൾ ചേർത്ത് | ഓരോ മാസത്തിൽ ഒന്ന്. | Mathematics club | ഗണിത അധ്യാപകർ |

2024 2025 വർഷത്തെ
ഡിജിറ്റൽ ഓൺലൈൻ
Magazine നിർമ്മിച്ച്
School library ക്ക്
സമ്മാനിക്കുന്നു.

## മേഖല : IEDC

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഖ്യധാരയിൽ എത്തിക്കുക | | | | |
| 1) പ്രത്യേക പരിഗണന അർഹിക്കുന്ന (CWSN) കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം തന്നെ പഠിക്കുവാനുള്ള അവസരം നൽകുന്നു. | കുട്ടികളുടെ ശാരീരിക മാനസിക പരിമിതികൾ പരിഗണിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, ഹെഡ്മിസ്ട്രസ്. | പഞ്ചായത്ത് കോർപറേഷൻ സ്കൂൾ അധികൃതർ |
| 2) അക്കാദമിക മികവിനായി പ്രത്യേക പരിശീലനം നൽകി അവരുടെ അടിസ്ഥാനശേഷി വർധിപ്പിക്കാൻ അവസരം നൽകുന്നു. | വിഷയ അടിസ്ഥാനത്തിലെ അടിസ്ഥാന ശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | റിസോഴ്സ് അധ്യാപിക | സ്കൂൾ അധികൃതർ |
| 3) പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗത്തോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ക്ലാസിലെ CWSN കുട്ടികളെ മുഖ്യധാരയിൽ എത്തിക്കാൻ മറ്റ് കുട്ടികളെ നിർദേശങ്ങൾ, പ്രവർത്തന പങ്കാളിത്തം എന്നിവയിലൂടെ കുട്ടികളെ പ്രാപ്തരാക്കാനുള്ള പ്രവർത്തനം നടത്തുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, റിസോഴ്സ് അധ്യാപിക, ഹെഡ്മിസ്ട്രസ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സഹകരിക്കേണ്ട വ്യക്തികൾ |
| --- | --- | --- | --- | --- |
| 4) പഠന നിലവാരം കുറഞ്ഞ കുട്ടികളെ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ അവരെ കണ്ടെത്തി ആവശ്യമായ നടപടി നൽകുന്നു | IQ ടെസ്റ്റിലൂടെയും, Screening Test ലൂടെയും കുട്ടികളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം കൊടുക്കുന്നു | അക്കാദമിക വർഷം | റിസോഴ്സ് അധ്യാപിക | |
| 5) കുട്ടികളെ പൊതുസമൂഹത്തെ അഭിസംബോധന ചെയ്യാൻ പ്രാപ്തരാക്കുന്നു. | Assembly-ൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു ദിനാചരണ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുന്നു. സ്കൂൾ തലത്തിലെ എല്ലാ പരിപാടിയിലും ഉൾക്കൊള്ളിക്കുക. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, റിസോഴ്സ് അധ്യാപിക, സ്കൂൾ അധികൃതർ. | |
| 6) <u>ഭിന്നശേഷി ദിനാചരണം</u> സമൂഹത്തിന് ഭിന്നശേഷി വിഭാഗത്തോടുള്ള ബോധവൽക്കരിക്കൽ. | ഭിന്നശേഷി ദിനാചരണം പൊതുവിടത്തിൽ നടത്തുക. ബോധവൽക്കരണ ക്ലാസുകൾ മറ്റ് കുട്ടികൾക്കും, രക്ഷിതാക്കൾക്കും. Big Banner. | അക്കാദമിക വർഷം | സ്കൂൾ അധികൃതർ, മറ്റ് അധ്യാപകർ, റിസോഴ്സ് അധ്യാപിക. | സ്കൂൾ അധികൃതർ |

# ACADEMIC MASTER PLAN

## WORK INTEGRATED EDUCATION

മേഖല പ്രവർത്തന പദ്ധതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സ്വയം തൊഴിൽ മേഖലയിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. 2. ശാസ്ത്രീയമനസ്സ് കൃഷിയോടും പരിപോഷിപ്പിക്കുന്നു | കൃഷി - സ്ഥലപരിമിതിയുള്ള അവസരത്തിൽ ഗ്രോബാഗ് നിർമ്മിച്ച് കൃഷി ചെയ്യുന്നതിന് കുട്ടികൾക്ക് പറഞ്ഞ് മനസ്സിലാക്കി കൊടുക്കുന്നു. ഈ അവസരത്തിൽ സയൻസ് അധ്യാപകരുമായി കുട്ടികൾക്ക് ഒരു ബോധവൽക്കരണ ക്ലാസ്സ് നൽകുന്നു. | June-July | പ്രവൃത്തിപരിചയ അധ്യാപിക | |
| | മേളകൾ - ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ മേളയ്ക്ക് ഒരുങ്ങുന്ന കുട്ടികളെ പല ഇനങ്ങളിൽ നിന്നും പ്രാവീണ്യരാക്കി മാറ്റുന്നു. ഇതിൽ കൂടുതൽ മികവുള്ള കുട്ടികളെ സംസ്ഥാന മേളയിൽ പങ്കെടുപ്പിക്കുന്നു | August, September, October. | | പി.ടി.എ ഹെഡ്മിസ്ട്രസ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ഇടയിൽ മറഞ്ഞുകിടക്കുന്ന കഴിവുകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | മിഥ്യകളെയും വിനോദവും പ്രയോജനപ്പെടുത്തി സ്കൂൾ ഇന്ത്യയുടെ അറിവിലേക്ക് യാത്ര പോകുന്നു. | November December | പ്രവൃത്തി പരിചയ അദ്ധ്യാപിക | |
| | പാഴ് വസ്തു ഉപയോഗിച്ചുള്ള പാഴ് വസ്തുക്കൾ കൊണ്ടുള്ള പ്രവർത്തനം ഉൾപ്പെടുത്തിക്കൊണ്ടും പ്രചാരണം. ഇതുവഴി കുട്ടികളുടെ വേറിട്ട കഴിവുകൾ തെളിയിക്കാൻ സാധിക്കുന്നു | January February | | കുട്ടികൾ (രക്ഷിതാക്കൾ) |

SHENBAGAM

# ACADEMIC MASTER PLAN

## PHYSICAL EDUCATION

## 2025 - 2026

ജൂൺ മാസം സ്കൂൾ തുറന്നാൽ 5 to 10 വരെയുള്ള കുട്ടികളെ FOOT BALL, CRICKET, VOLLEY BALL, BASKET BALL, BASE BALL, SOFT BALL, RUGBY എന്നീ game-കൾക്കും Athletics-നും കുട്ടികളെ സബ് ജില്ല, ജില്ല, State എന്നിവയിലേക്കായി കുട്ടികളെ പങ്കെടുക്കുന്നതിനു വേണ്ടി ഒരുക്കും.

Game ഇനങ്ങൾ Foot ball, Cricket, Volley ball, Basket ball, Base ball, Soft ball, Rugby എന്നീ games-ൽ നിന്ന് കുട്ടികളെ select ചെയ്ത് സബ് ജില്ലാ മത്സരങ്ങൾക്ക് കുട്ടികളെ പങ്കെടുപ്പിക്കും.

Age group അടിസ്ഥാനത്തിൽ girls & boys എന്നീ ഇനങ്ങളിലായിട്ടാണ് കുട്ടികളെ പങ്കെടുപ്പിക്കുന്നത്.

UNDER-14, UNDER-17, UNDER-19 എന്നീ Catagory-യിൽ മത്സരിച്ച്, ജില്ലാ തലത്തിൽ selection കിട്ടിയ കുട്ടികളെ ഉൾപ്പെടുത്തുന്നു.

Athletics age group അടിസ്ഥാനത്തിലായിരിക്കും മത്സരങ്ങൾ നടത്തുന്നത്. Race Events, Jump Events, Throws Events എന്നീ Category-ൽ മത്സരങ്ങൾ നടത്തുന്നത്.

Events – 100m, 200m, 400m, 600m, 800m, 1500m, 3000m,
80MH, 100MH, 110MH, 400MH

JUMP EVENTS – Long Jump, High Jump, Triple Jump, Pole vault.

THROWS EVENTS – Shot put, Discus Throw, Javalin Throw, Hammer Throw.

3KM walk, 3000km walk
4x100 Relay, 4x400 Relay
Cross Country.
ഇവയിൽ Athletics Age Group അടിസ്ഥാനത്തിലായിരിക്കും sports events നടക്കുന്നത്.

July മാസത്തിൽ school sports നടത്തി അതിൽ 1st, 2nd, 3rd കിട്ടുന്ന കുട്ടികളെ തെരഞ്ഞെടുത്ത് സബ്ജില്ലാ sports-ൽ പങ്കെടുക്കാൻ അവർക്ക് പരിശീലനം നൽകി അവരെ സബ്ജില്ലാ meet-ൽ പങ്കെടുപ്പിക്കും. അതിൽ 1st, 2nd, 3rd Prize ലഭിക്കുന്ന കുട്ടികളെ ജില്ലാ sports-ന് [illegible] അവർക്ക് വേണ്ടുന്ന പരിശീലനം നൽകുകയും ജില്ലാ sports-ൽ പങ്കെടുപ്പിക്കുകയും അതിൽ Prize ലഭിക്കുന്ന കുട്ടികളെ State level-ലേക്ക് പങ്കെടുപ്പിക്കും. June മുതൽ December

[illegible]

[illegible]

[illegible]

[illegible]

FOOT BALL, CRICKET, VOLLLY BALL, BASKET BALL, KHO, KHO TEAM, SHUTTLE GAME (cock) CHESS GAME, TABLE TENNIS എന്നീ GAMES.

Athletics

Race, Events, Jumps, Throws എന്നീ Sports eventsൽ 5,6,7 എന്നീ ക്ലാസുകളിലെ കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് വേണ്ട പരിശീലനം നൽകുന്നതിനും Sports Council നിന്നും ഓരോ events-നും പരിശീലനം ലഭിച്ച കായിക അദ്ധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് പരിശീലനം നൽകേണ്ടതാണ്. ഈ കുട്ടികൾക്ക് പരിശീലനത്തോടൊപ്പം കുട്ടികൾക്ക് വേണ്ട പോഷകാഹാരം നൽകേണ്ടതാണ്. ഇതിനുവേണ്ട നടപടിക്രമങ്ങൾ കൈക്കൊള്ളേണ്ടതാണ്.